കേരള സാഹിത്യ അക്കാദമി
തൃശൂർ

# ഗ്രന്ഥശാലാപ്രവർത്തകർ നവകേരളശില്പികൾ

## വൈശാഖൻ

തൃശൂർ : മുതിർന്ന ഗ്രന്ഥശാലാപ്രവർത്തകരെ ആദരിച്ച ചടങ്ങ് നാടിന്റെ ചരിത്രത്തെയും വായനയെയും സംസ്കാരത്തെയും കുറിച്ചുള്ള ആശയവിനിമയവേദിയായി. കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ചാണ് കേരളത്തിലെ സമുന്നതരായ ആറ് ഗ്രന്ഥശാലാപ്രവർത്തകരെ ആദരിച്ചത്. പൊതുഇടങ്ങളും നവോത്ഥാനകേന്ദ്രങ്ങളുമായി വികസിച്ച ഗ്രന്ഥശാലകൾക്ക് ആ സ്ഥാനം വലിയൊരു അളവോളം നഷ്ടപ്പെട്ടതായും സമാദരണച്ചടങ്ങിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി.

യഥാർത്ഥ നവകേരളശിൽപികൾ വായനശാലാപ്രവർത്തകരാണെന്ന് സമാദരണച്ചടങ്ങ് ഉദ്ഘാടനം ചെയ്ത വൈശാഖൻ പറഞ്ഞു. നിസ്വാർത്ഥവും ത്യാഗപൂർണവുമായ പ്രവർത്തനങ്ങളിലൂടെ ഗ്രന്ഥ ശാലാപ്രവർത്തകരാണ് ഗ്രാമഗ്രാമാന്തരങ്ങളിൽ അക്ഷരവെളിച്ചം പകർന്നത്. പുസ്തകസംസ്കാരത്തിന് മങ്ങലേറ്റിട്ടുണ്ടെങ്കിലും ഓരോ വീട്ടിലും മാതാപിതാക്കൾ പുസ്തകത്തിലേക്ക് തിരിച്ചുവന്നാൽ അത് കുടുംബത്തിലാകെ വായനയുടെ സംസ്കാരം വളർത്തുവാൻ സഹായിക്കും. കേരള സാഹിത്യ അക്കാദമിയും ഗ്രന്ഥശാലാപ്രവർത്തകരും കൈകോർത്ത് വായനാസംസ്കാരത്തിന് ഊർജം പകരണമെന്നും അദ്ദേഹം പറഞ്ഞു.

ഓരോ വായനശാലയും മനസ്സുവെച്ചാൽ വായന വളർത്തുവാനും വായനശാലകളെ നാടിന്റെ യഥാർത്ഥസാംസ്കാരികകേന്ദ്രങ്ങളാക്കാനും കഴിയുമെന്ന് അധ്യക്ഷപ്രസംഗത്തിൽ ഡോ.എസ്.കെ. വസന്തൻ പറഞ്ഞു. കാലടി എന്ന കുഗ്രാമത്തിൽ കഴിഞ്ഞ അറുനൂറ് ആഴ്ചകൾ തുടർച്ചയായി ബുധ സംഗമം എന്ന പേരിൽ ചർച്ചയും സംവാദവും നടത്തിവരുന്നുണ്ട്. ചെറിയൊരു ഗ്രന്ഥശാല മനസ്സുവെച്ചപ്പോൾ ഇതിന് കഴിഞ്ഞെങ്കിൽ കേരളത്തിലെ ഗ്രന്ഥശാലകളെല്ലാം ഒന്നുണർന്നാൽ വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നും വസന്തൻ പറഞ്ഞു.

അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ അതിഥിപരിചയം നടത്തി. മുൻവർഷങ്ങളിൽനിന്ന് വ്യത്യസ്തമായി ആറ് ഗ്രന്ഥശാലാപ്രവർത്തകരെ ഇത്തവണ ആദരിക്കുകയും പതിനായിരം രൂപയുടെ ക്യാഷ് അവാർഡ് ഏർപ്പെടുത്തുകയും ചെയ്തതായി അദ്ദേഹം പറഞ്ഞു. മൂലങ്കുഴി ഭാസ്കരൻ, പിരപ്പൻകോട് മുരളി, കവിയൂർ രാജഗോപാലൻ, പി.എം.കേശവൻ നമ്പൂതിരി, ബാബു എം.പാലിശേരി, കെ.പത്മനാഭൻ എന്നീ ഗ്രന്ഥശാലാപ്രവർത്തകരെയാണ് ആദരിച്ചത്. അക്കാദമിയംഗം ഡോ.വി.സുകുമാരൻ, ഡോ.കാവുമ്പായി ബാലകൃഷ്ണൻ, ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ.എൻ.ഹരി എന്നിവർ പ്രസംഗിച്ചു.

ദേശീയ പുസ്തകോത്സവവേദിയിൽ ലാൽ ബുക്സ് പ്രസിദ്ധീകരിച്ച എം.കെ.ഗാന്ധിയുടെ 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങളുടെ കഥ', പി.ശ്രീജയുടെ 'മുഖമില്ലാത്തവൾ' എന്നീ പുസ്തകങ്ങളുടെ പ്രകാശനം ടി.എസ്.സുന്ദർമേനോന് നൽകി ഡോ.കെ.പി.മോഹനൻ നിർവഹിച്ചു.

രാവിലെ നടന്ന പൊതുജനപ്രശ്നോത്തരിയിൽ അനീഷ് മാനങ്ങത്ത് (നാട്ടിക), പി.ടി.സക്കീർ (വടകര), ടി.വി.രഘുനാഥ് (പുല്ലഴി) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനം നേടി.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

തൃശൂർ
09.04.2017